# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2469** — **17/8/2017** -ലെ മറുപടി

## സമഗ്ര കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. എം.രാജഗോപാലൻ<br>ശ്രീമതി. പി.അയിഷാപോറ്റി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) തൃശ്ശൂർ, കൊല്ലം, കാസർഗോഡ് തുടങ്ങി 10 നഗരങ്ങൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതികളുടെയും കൊച്ചി സ്മാർട്ട് സിറ്റിക്കായുള്ള 500 കോടി രൂപയുടെ കുടിവെള്ള പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) തൃശ്ശൂർ, കൊല്ലം, കാസർഗോഡ് തുടങ്ങി 10 നഗരങ്ങൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു. ടി പദ്ധതികൾ 32 പാക്കേജുകളായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>കൊച്ചി സ്മാർട്ട് സിറ്റി 24X7 ജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റിൽ 500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതു സംബന്ധിച്ച് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി പ്രാരംഭ ചർച്ചകൾ നടത്തുകയും തുടർന്ന് കേരള വാട്ടർ അതോറിറ്റി പ്രാഥമിക പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഉദ്ദേശ്യം 1006 കോടി രൂപയുടെ പി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഈ ബജറ്റിൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുണ്ടായിരുന്ന പദ്ധതികളുടെ പുനരുദ്ധാരണത്തിനായി കിഫ്ബി മുഖേന നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളുടെ പ്രവർത്തനം ആരംഭിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടലുകൾ മൂലമുള്ള ജലനഷ്ടം തടയുന്നതിന്റെ ഭാഗമായി 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാററി സ്ഥാപിക്കുന്നതിനുള്ള പ്രോപ്പോസലുകൾ സമർപ്പിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

കിഫ്ബി മാനദണ്ഡപ്രകാരം കുറഞ്ഞത് ഒരു പ്രവർത്തിക്ക് 10 കോടി രൂപയും, പ്രസ്തുത പ്രോജക്ടിന് മൊത്തം കുറഞ്ഞത് 100 കോടി രൂപയെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ പമ്പിംഗ് മെയിനുകൾ മാററി സ്ഥാപിക്കുന്നതിനായി ഏകദേശം 74 കോടി രൂപയുടെ പ്രൊപ്പോസലുകളും LT പമ്പുകൾ മാററി സ്ഥാപിക്കുന്നതിന് ഏകദേശം 25 കോടി രൂപയുടെ പ്രൊപ്പോസലുകളും, HT പമ്പ് സെറ്റുകളും സബ് സ്റ്റേഷനുകളും മാററി സ്ഥാപിക്കുന്നതിന് ഏകദേശം 44 കോടി രൂപയുടെ പ്രൊപ്പോസലുകളുമാണ് തയ്യാറാക്കിയത്. കിഫ്ബി മാനദണ്ഡപ്രകാരം മേൽ പ്രൊപ്പോസലുകൾ ആവശ്യമായ തിരുത്തൽ വരുത്തി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പുതിയ ചെറുകിട-വൻകിട പദ്ധതികളും പുനരുദ്ധാരണപദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(സി) എല്ലാ പദ്ധതികളുടെയും പുരോഗതി വിലയിരുത്തുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും, കൃത്യമായ ഇടവേളകളിൽ അവലോകനങ്ങളും മോണിറ്ററിംഗും വിവിധ തലങ്ങളിൽ നടത്തിവരുന്നുണ്ട്. കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി പ്രത്യേക പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഫ്രെയിംവർക്ക്, സമയക്രമം രേഖപ്പെടുത്തിയ വർക്ക് പ്ലാൻ എന്നിവ തയാറാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

Reel
സെക്ഷൻ ഓഫീസർ

അനുബന്ധം

## കിഫ്ബി ധനസഹായത്തോടെയുള്ള സമഗ്ര കുടിവെള്ള പദ്ധതികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (തുക കോടിയിൽ) | പാക്കേജു കളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35.00 | 2 | ഒന്നാമത്തെ പാക്കേജിനു വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ GST പ്രാബല്യത്തിൽ വന്നത് കൊണ്ട് സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് വ്യക്തത ആവശ്യപ്പെട്ട് കോൺട്രാക്ടർ എഗ്രീമെന്റ് വെക്കുവാനുള്ള സമയം നീട്ടി ചോദിച്ചിരിക്കുകയാണ്. രണ്ടാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 2 | തിരുവല്ല - ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58.00 | 3 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. രണ്ടാമത്തെ പാക്കേജിനു വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ GST പ്രാബല്യത്തിൽ വന്നത് കൊണ്ട് സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് വ്യക്തത ആവശ്യപ്പെട്ട് കോൺട്രാക്ടർ എഗ്രീമെന്റ് വെക്കുവാനുള്ള സമയം നീട്ടി ചോദിച്ചിരിക്കുകയാണ്. |
| 3 | കൊല്ലം കോർപ്പറേഷൻ രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം | 235.00 | 5 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 76.00 | 4 | ഒന്നാമത്തെ പാക്കേജിനു വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. രണ്ടും മൂന്നും പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. നാലാമത്തെ പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 74.40 | 3 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. രണ്ടാമത്തെ പാക്കേജിനു വർക്ക് ഓർഡർ നൽകിയിട്ടുണ്ട് ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് മൂന്നാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 85.00 | 3 | ഒന്നും രണ്ടും പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മൂന്നാം പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 34 | 2 | ഒന്നാം പാക്കേജിന്റെ എഗ്രീമെന്റ് ഒപ്പു വെച്ചിട്ടുണ്ട്. |

JSK/

| | | | | |
|---|---|---|---|---|
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി വിപുലീകരണം | 50.00 | 2 | 50 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല NRDWP-ൽ വിജയപുരം പദ്ധതിക്കുവേണ്ടി നേരത്തെ ടെണ്ടർ ചെയ്തിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ തുടർനടപടികൾക്ക് അന്തിമ വിധിന്യായം വരേണ്ടതുണ്ട്. അതിനുശേഷം മാത്രമേ കിഫ്ബി പദ്ധതിയുടെ പണികൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. |
| 9 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി ഒന്നാം ഘട്ടം | 185.00 | 4 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 10 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി | 76.60 | 4 | ഒന്നും രണ്ടും പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br>മൂന്നും നാലും പാക്കേജുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടി പാക്കേജുകളുടെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/